# പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.61

09.08.2017 ന് മറുപടിയ്ക്ക്

## വന്യമൃഗങ്ങളുടെ ശല്യം നിയന്ത്രിക്കാൻ നടപടി

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്
ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ.ജെയിംസ് മാത്യു
ശ്രീ.ഒ.ആർ.കേളു

(എ) വന്യമൃഗങ്ങളുടെ പ്രത്യേകിച്ച് കാട്ടാനകളുടെ ശല്യം വർദ്ധിച്ചു വരുന്നതും സ്വത്തിനും ജീവനും ഭീഷണിയാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

ഉത്തരം

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) ഉണ്ട്. വന്യജീവികൾ, പ്രത്യേകിച്ച് കാട്ടാനകൾ ജനവാസ മേഖലയിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന തരത്തിൽ ഉണ്ടാകുന്ന വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.
2. വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ച് വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.
3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.
5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. വന്യജീവി ആക്രമണം മൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10 ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കരടുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.

11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും കാലാവസ്ഥാ വ്യതിയാനം കൊണ്ടുണ്ടാകുന്ന ആഹാരക്ഷാമവും മൂലമാണ് അവ നാട്ടിലിറങ്ങുന്നതെന്നതിനാൽ എന്ത് പരിഹാരമാണ് ഇതിനായി ഉദ്ദേശിക്കുന്നത്;

(ബി) ഭക്ഷണത്തിനും കുടിവെള്ളത്തിനുമായി വന്യമൃഗങ്ങൾ കാടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേക്ക് വരുന്നത് ഒഴിവാക്കാൻ കാടിനുള്ളിൽ ചെക്ക് ഡാമുകൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ നവീകരിച്ചും, പുതിയവ നിർമ്മിച്ചും പരമാവധി ജലലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് വനത്തിനുള്ളിലെ സ്വാഭാവിക സസ്യജാലങ്ങളെ പുനരുജ്ജീവിപ്പിക്കുക വഴി വനത്തിനുള്ളിൽ ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത കൂട്ടുന്നു. ജലസ്രോതസ്സുകളുടെ സമീപ പ്രദേശങ്ങളിൽ മുള, പുല്ല് എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്.

(സി) ജനജാഗ്രതാ സമിതികളുടെ പ്രവർത്തനവും എസ്.എം.എസ് അലർട്ട് സംവിധാനവും കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്നറിയിക്കാമോ?

(സി) ജനജാഗ്രതാ സമിതികളുടെ പ്രവർത്തനവും എസ്.എം.എസ് അലർട്ട് സംവിധാനവും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് നാളിതുവരെ വിവിധ വന്യജീവി സംഘർഷ മേഖലകളിലായി 204 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 65 സ്ഥലങ്ങളിൽ എസ്.എം.എസ് അലർട്ട് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

Lokesh

സെക്ഷൻ ഓഫീസർ